ജി എൽ പി എസ് ചെറിയാക്കര

# സമ്മർറെയിൻ

## കോവിഡ് കാല ഓൺലൈൻ പഠനപദ്ധതി

UNLOCK LEARNING DURING LOCKDOWN

# സമ്മർ റെയിൻ

## ജിഎൽപിഎസ് ചെറിയാക്കരയുടെ ഓൺലൈൻ പഠനപരിപാടി

ജി എൽ പി എസ് ചെറിയാക്കരയുടെ ഓൺലൈൻ പഠനപരിപാടിയാണ് സമ്മർറെയിൻ.കോവിഡ് 19 വ്യാപന ഭീഷണിയിൽ ഷട്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ചെറിയാക്കര പ്രദേശത്തെ കുട്ടികൾക്കും പതിവ് അവധിക്കാലം നഷ്ടമായിരിക്കുകയാണ്.കുട്ടികളുടെ മാനസികോല്ലാസം നിലനിർത്താനും പുതിയ സാമൂഹ്യസാഹചര്യങ്ങളിൽ കൂട്ടുകാരുമായി സംവദിച്ചുകൊണ്ട് അവധിക്കാലം ആഹ്ലാദകരവും ഫലപ്രദവുമാക്കാനാണ് ചെറിയാക്കരയുടെ സമ്മർറെയിൻ അവധിക്കാലക്യാമ്പിനെ  ഇത്തരത്തിൽ സംഘടിപ്പിച്ചിരിക്കുന്നത്.

**സമ്മർറെയിൻ ഓൺലൈൻ പഠനപദ്ധതിയുടെ സവിശേഷതകൾ**

പ്രധാനമായും 5 ഇനം പ്രവർത്തനപദ്ധതികളാണ് സമ്മർറെയ്നിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്.

1) കുട്ടികളുടെ സർഗ്ഗാത്മക സൃഷ്ടികൾ ഉൾപ്പെടുത്തിക്കൊണ്ട് ഡിജിറ്റൽ മാഗസിനുകൾ തയ്യാറാക്കുക
2) ഓൺലൈൻ ക്വിസ് പ്രോഗ്രാം സംഘടിപ്പിക്കുക,ഫീഡ്ബാക്ക് നൽകുക
3) മീറ്റ് ദ ഗ്രേറ്റസ് - പ്രതിദിന ഓൺലൈൻ ക്ലാസ് സംഘടിപ്പിക്കുക
4) കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ പൊതു സമൂഹത്തോടൊപ്പം പങ്കാളികളാവുക
5) കോവിഡ് കാലവും ഓൺലൈൻ പഠനസാധ്യതയും പഠനവിധേയമാക്കുക

**1) ഡിജിറ്റൽ പബ്ലിക്കേഷന്റെ പ്രവർത്തനം സമയബന്ധിതമായും കാര്യക്ഷമമായും വിദ്യാലയം പൂർത്തിയാക്കി.പ്രക്രിയാ വിശദാംശം ചുവടെ നൽകുന്നു.**

കൊറോണ കാരണം അപ്രതീക്ഷിത അവധിക്കാലം എത്തിയപ്പോൾ പുറത്തിറങ്ങാനും സംഘം ചേർന്നു കളിക്കാനും സാധിക്കാതെ എല്ലാ കുട്ടികളെയും പോലെ ചെറിയക്കര ഗവ.എൽ പി സ്കൂളിലെ കുട്ടികൾക്കും  വലിയ സങ്കടമായിരുന്നു. എന്നാൽ കഴിഞ്ഞ രണ്ടാഴ്ചക്കാലം സമയം പോയത് അവർ അറിഞ്ഞതേയില്ല.10 ദിവസം മുന്നെ മാർച്ച് 20 നാണ് കൊറോണക്കാലത്തെ കുസൃതികൾ എന്ന പേരിൽ മുഴുവൻ കുട്ടികളുടെയും രചനകൾ ഉൾപ്പെടുത്തി ഒരു ഡിജിറ്റൽ പുസ്തകം പ്രസിദ്ധീകരിക്കുന്നു എന്ന നിർദ്ദേശം അധ്യാപകർ രക്ഷിതാക്കളിലേക്കെത്തിച്ചത്.സ്കൂൾ വാട്സ് ആപ് ഗ്രൂപ്പ് മുഖേനെ കൃത്യമായ നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

അവധിക്കാലത്ത് ഏർപ്പെടാൻ കഴിയുന്ന കുട്ടിത്തത്തെ പരിഗണിക്കുന്ന പ്രവർത്തനങ്ങൾ സ്കൂൾ മുന്നോട്ടുവെച്ചു.(അപ്പൂപ്പൻതാടി പറത്തൽ ,കുഴിയാന നിരീക്ഷണം,ചെടി പരിപാലനം,പക്ഷി നിരീക്ഷണം.....) കുട്ടികൾ പ്രവർത്തനത്തിൽ ഏർപ്പെടുന്ന വീഡിയോ രക്ഷിതാക്കൾ മൊബൈലിൽ പകർത്തി വെക്കും. കൂടാതെ ആ പ്രവർത്തനത്തെ കുറിച്ച് കട്ടികൾ ഒരു രചനയും തയ്യാറാക്കും.ഇത് രണ്ടും വിദ്യാലയത്തിന് അയച്ചു കൊടുക്കും. സമാന്തരമായി നിത്യേനെ വിദ്യാലയ ടീം വീഡിയോ അപ് ലോഡ് ചെയ്ത് ക്യു ആർ  കോഡ് ജനറേറ്റ് ചെയ്തു. രചനകൾ ടൈപ്പ് ചെയ്ത് ലേഔട്ട് ചെയ്ത്

കുട്ടികളുടെ സ്വാഭാവിക ഫോട്ടോയും ക്യു ക്യു ആർ കോഡും ഉൾപ്പെടുത്തി ഡിജിറ്റൽ രചനാ പുസ്തകം തയ്യാറാക്കുകയാണ് ചെയ്തിരിക്കുന്നത്.

ഈ പ്രവർത്തനത്തിലൂടെ കുട്ടികൾക്ക് പോയ കാലത്തെ നാടൻ കളികളും നാട്ടുകാഴ്ചകളും തിരിച്ചു കിട്ടിയിട്ടുണ്ട് എന്ന് വിദ്യാലയം വിലയിരുത്തുന്നു.കളിവീട് കെട്ടിയും, പട്ടം പറത്തിയും, അപ്പൂപ്പൻ താടിക്കൊപ്പം പറന്നും കുട്ടികൾ കളിച്ചപ്പോൾ രക്ഷിതാക്കൾ എല്ലാ പിന്തുണയും അവർക്ക് നൽകി. എഴുത്ത് പഠിച്ചിട്ടില്ലാത്ത പ്രീ പ്രൈമറി കുട്ടികളുടെ കഥ, പാട്ട് അവതരണമെല്ലാം ഡിജിറ്റൽ പുസ്തകത്തിലെ ക്യു ആർ കോഡ് സ്കാൻ ചെയ്യുന്നതോടെ വീഡിയോ രൂപത്തിൽ മൊബൈലിൽ കാണാനും സാധിച്ചു.

അധ്യാപകർ തന്നെയാണ് പുസ്തകം ലേഔട്ട് ചെയ്തിരിക്കുന്നത്. പാഠപുസ്തകങ്ങൾക്ക് ചിത്രം വരക്കുന്ന പ്രശസ്ത ചിത്രകാരൻ ശ്രീ എൻ.ടി രാജീവാണ് കവർ ഡിസൈൻ ചെയ്തിരിക്കുന്നത്. ഡിജിറ്റൽ വിപ്ലവത്തിലൂടെ രാജ്യത്ത് തന്നെ ശ്രദ്ധ നേടിയ തൊടുപുഴ കാപ്പ് എൻ എസ് എസ് സ്കൂളിലെ പ്രധാനാധ്യാപകൻ വിധു പി നായരാണ് പുസ്തകത്തിന് അവതാരിക എഴുതിയിരിക്കുന്നത്.

ഏപ്രിൽ 5 ന് വൈകുന്നേരം 5 മണിക്ക് ഫെയ്സ് ബുക്ക് ലൈവിലൂടെ കൊറോണ ക്കാലത്തെ കുസൃതികൾ എന്ന വിദ്യാലയത്തിന്റെ ഡിജിറ്റൽ പുസ്തകം കുട്ടികൾ തന്നെ റിലീസ് ചെയ്തു.വിവിധ സൈറ്റുകളിൽ അപ് ലോഡ് ചെയ്യുന്ന പുസ്തകം എല്ലാവർക്കും ഓൺലൈനിൽ വായിക്കാനുള്ള അവസരം വിദ്യാലയം ലഭ്യമാക്കി.





ചന്ദ്രിക

കൊറോണക്കാലത്ത് സർഗാത്മകതയുടെ വസന്തമൊരുക്കി വിദ്യാർത്ഥികൾ


ഡിജിറ്റൽ രചന പുസ്തകവുമായി ചെറിയാക്കര സ്കൂൾ



കാലത്തിനൊത്ത് മാറി ചെറിയാക്കര

കുട്ടികളുടെ ഡിജിറ്റൽ പുസ്തകം വായനക്കാരിലേക്ക്



'കൊറോണക്കാലത്തെ കുസൃതികൾ'

കുട്ടികളുടെ ഡിജിറ്റൽ പുസ്തകം വായിക്കാം

**2) അയാം ദ വിന്നർ ഓൺലൈൻ ക്വിസ്**

അയാം ദ വിന്നർ ഓൺലൈൻ ക്വിസ് വിദ്യാലയം ആരംഭിച്ചത് ഏപ്രിൽ 6 നാണ്.ഇതിനകം 22 ക്വിസ് പ്രോഗ്രാമുകളാണ് സംഘടിപ്പിച്ചിരിക്കുന്നത്.ഗൂഗിൾ പേജ് വഴി ചോദ്യം സെറ്റ് ചെയ്ത് അയക്കുന്നതിനാൽ കുട്ടികൾ എഴുതുന്ന ഉത്തരം അതാത്ദിവസം എക്സൽ ഫോർമാറ്റിൽ ശേഖരിക്കാനും കുട്ടികൾക്ക് ആവശ്യമായ ഫീഡ്ബാക്കുകൾ നൽകാനും സാധിക്കുന്നുണ്ട്. അയാം ദ വിന്നർ ഓൺ ലൈൻ ക്വിസുമായി വിദ്യാലയം ചില സമ്മാനങ്ങൾ പ്രഖ്യാപിക്കുകയുണ്ടായി.വിജയികളെ തെരഞ്ഞെടുക്കാനും ഫഹപ്രദമായി ജി.കെ പഠിക്കാനും വിദ്യാലയം ആലോചിച്ച ക്രമീകരണങ്ങളെ താഴെ സൂചിപ്പിക്കും വിധം ക്രോഡീകരിക്കാം.

1 ) ഏപ്രിൽ 6 മുതൽ മെയ് 31 വരെ 40 ഓൺലൈൻ ടെസ്റ്റുകളാണ് നടത്തുക.

2) 40 * 10 = 400 ... ആകെ 200 ചോദ്യങ്ങൾ നിങ്ങൾക്ക് ലഭിക്കും.

3) സ്കൂൾ തുറക്കുന്ന ആദ്യ ആഴ്ചയിൽ കുട്ടികൾക്കുള്ള ക്വിസ് മത്സരം നടക്കും.

4) പ്രീ പ്രൈമറി, ഒന്ന് ക്ലാസിലെ കുട്ടികൾ ഒരു ഗ്രൂപ്പ്, 2, 3, 4 ക്ലാസിലെ കുട്ടികൾ ഒരു ഗ്രൂപ്പ് - വെവ്വേറെ ചോദ്യങ്ങൾ ആയിരിക്കും.

5) പ്രീ പ്രൈമറി, ഒന്ന്, രണ്ട് ക്ലാസിലെ കുട്ടികൾ ഉത്തരം പറഞ്ഞാൽ മതി. (എഴുത്ത് നിർബന്ധമല്ല) അവർക്കായി കിഡ്സ് ഏഗ ഓൺലൈൻ പ്ലാറ്റ്ഫോം തയ്യാറായി വരുന്നുണ്ട്. തീയ്യതി അടുത്ത ദിവസം അറിയിക്കും

6) 200 ചോദ്യങ്ങൾക്കൊപ്പം ഉത്തരങ്ങളിൽ ഓപ്ഷൻ ആയി നൽകിയ പേര്, വസ്തുത - എന്നിവയുമായി ബന്ധപ്പെട്ട ചോദ്യവും ഉണ്ടാകും.

7) ക്വിസിനായി കുട്ടികളെ സജ്ജമാക്കുന്ന രക്ഷിതാക്കളുടെ ശ്രമം വിലയിരുത്തി 2 മെഗാ സമ്മാനങ്ങളുണ്ട്. സ്റ്റേഡി ടേബിൾ വിത്ത് ചെയർ)

8) ഒന്നു മുതൽ നാലാം ക്ലാസുവരെ ക്ലാസ് തലത്തിൽ ആദ്യ മൂന്ന് സ്ഥാനത്തെത്തിയ കുട്ടികളുടെ രക്ഷിതാക്കൾക്ക് മാത്രമേ ഈ മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കൂ (2020 മാർച്ച് മാസം ചെറിയാക്കര പഠിച്ച കുട്ടിയുടെ രക്ഷിതാക്കൾ)
(നിങ്ങളുടെ ശ്രമം പ്രതിഫലിക്കേണ്ടത് കുട്ടിയിലാണ് എന്നതാണ് ഇതിന് കാരണം

9) രക്ഷിതാക്കളിൽ അന്തിമ വിജയികളെ തെരഞ്ഞെടുക്കുക രണ്ട് കാര്യങ്ങൾ വിലയിരുത്തിയാണ്.
(ആകെ 20 സ്കോർ )

1 ) നിങ്ങളുടെ ഉത്തരവാദിത്തത്തിൽ ഇന്നു മുതൽ വളർന്നു വരുന്ന ജികെ ബുക്കിന്റെ

വൃത്തി, എഴുത്തിന്റെ ഭംഗി, അനിവാര്യ ചിത്രീകരണങ്ങൾ
6 സ്കോർ

2) GK ബുക്കിൽ സ്കൂൾ ഓൺലൈനിൽ നൽകിയ 400 ചോദ്യങ്ങൾ, ഇതിലെ ഓരോ മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളിലെയും 4 ഉത്തരങ്ങൾ പരിശോധിച്ച് ശരി കഴിച്ച് ബാക്കി 3 ഓപ്ഷനുകൾ ഉത്തരമായി വരുന്ന ചോദ്യങ്ങൾ കണ്ടെത്തി ഏഗ ബുക്കിൽ എഴുതിയതിന് – 14 സ്കോർ

(ഇങ്ങനെ എഴുതുമ്പോൾ നിങ്ങൾ തയ്യാറാക്കുന്ന ചോദ്യത്തിന് ഒരു ക്വിസ് ചോദ്യ നിലവാരമുണ്ടോ എന്ന് വിദ്യാലയത്തിലെ അക്കാദമിക ടീം വിലയിരുത്തി അല്ലാത്തത് ഒഴിവാക്കി മാത്രമേ വിലയിരുത്തൂ.)

ഇങ്ങനെ നിങ്ങൾ കണ്ടെത്തുന്ന ഓപ്ഷൻ റിലേറ്റഡ് പുതിയ ചോദ്യങ്ങൾ അതത് ആഴ്ചയിലെ ചോദ്യത്തിന് താഴെത്തന്നെ എഴുതണം എന്നതും നിർബന്ധമാണ്.

**സമ്മാനങ്ങൾ താഴെ പറയും പ്രകാരം**

| | | |
|---|---|---|
| പ്രീ പ്രൈമറി | – | മനോഹരമായ കളിപ്പാട്ടം |
| ഒന്നാം തരം | – | ആറു മാസത്തെ കളിക്കുടുക്ക പ്രസിദ്ധീകരണം (ഒക്ടോ. മുതൽ മാർച്ച് വരെ) |
| രണ്ടാം തരം | – | 5 മികച്ച ബാല പ്രസിദ്ധീകരണങ്ങൾ |
| മൂന്നാം തരം | – | 5 ദിനാചരണ ക്വിസ് പുസ്തകങ്ങൾ |
| നാലാം തരം | – | അലാറാം |







വിദ്യാലയത്തിന്റെ ഓൺലൈൻ ക്വിസ് കുട്ടികൾ മികച്ച രീതിയിൽ തന്നെ ഏറ്റെടുക്കുന്നുണ്ട്.രക്ഷിതാക്കൾ നല്ല രീതിയിൽ കട്ടികൾക്ക് പിന്തുണ നൽകുന്നു,ചോദ്യങ്ങളിൽ അവ്യക്തത ഉള്ളത് വിളിച്ച് ചോദിക്കുകയും ചെയ്യുന്നുണ്ട്.അടുത്തിടെ ക്വിസ് ചോദ്യങ്ങളിൽ ഇംഗ്ലീഷ്,മലയാളം,ഗണിതം വിഷയങ്ങളിലെ ചോദ്യങ്ങൾ ഉൾപ്പെടുത്താനും വിദ്യാലയം ശ്രദ്ധിക്കുന്നുണ്ട്.ചെറിയാക്കര വിദ്യാലയത്തിന്റെ ഓൺലൈൻ ക്വിസ് പ്ലാറ്റ്ഫോം മറ്റ് വിദ്യാലയത്തിലെ കുട്ടികളും ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്.

3) **മീറ്റ് ദ ഗ്രേറ്റ്സ് – പ്രതിദിന ഓൺലൈൻ പാഠമൊഡ്യൂൾ**

ജി എൽ പി എസ് ചെറിയാക്കരയുടെ ഓൺലൈൻ പഠന പരിപാടിയിലെ മീറ്റ് ദ ഗ്രേറ്റ്സ് പ്രോഗ്രാം ഇതിനകം പൊതുവിദ്യാഭ്യാസ മേഖലയിൽ ശ്രദ്ധ നേടിക്കഴിഞ്ഞു.

സമഗ്രശിക്ഷ മുൻ സംസ്ഥാന കൺസൾട്ടന്റ് ഡോ.ടിപി കലാധരൻ അദ്ദേഹത്തിന്റെ ചൂണ്ടു വിരൽ ബ്ലോഗിൽ ചെറിയാക്കരയുടെ ഓൺലൈൻ പഠനപദ്ധതി,അതിന്റെ പ്രക്രിയ എന്നിവ പബ്ലിഷ് ചെയ്തിട്ടുണ്ട് എന്നത് അംഗീകാരമായി കാണുന്നു.

ഒരു വിശിഷ്ട വ്യക്തി കുട്ടികളുമായി സംവദിക്കാൻ നിത്യേ നെ സ്കൂൾ ഓൺ ലൈൻ ലേണിങ്ങ് ഗ്രൂപ്പിൽ എത്തുന്നുണ്ട് എന്നതാണ് സവിശേഷത. പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട് പതിനോന്ന് ദിവസമായി.വിശിഷ്ട വ്യക്തികൾ മുൻ കൂട്ടി തയ്യാറാക്കുന്ന പീന വീഡിയോ വഴിയും ഓൺലൈനിൽ സംവദിച്ചുമാണ് ക്ലാസുകൾ മുന്നോട്ട് പോകുന്നത്. കഴിഞ്ഞ ദിവസം പരിപാടിയിൽ കുട്ടികൾക്ക് മുന്നിൽ എത്തിയത് സമഗ്രശിക്ഷ അഭിയാന്റെ മുൻ സംസ്ഥാന കൺസൾട്ടന്റും വിദ്യാഭ്യാസ വിചക്ഷണനുമായ ഡോ. ടി.പി കലാധരൻ ആയിരുന്നു. അദ്ദേഹം കുട്ടികൾക്കായി ആയി മനോഹരമായൊരു ഭാഷാ ക്ലാസ് കൈകാര്യം ചെയ്തു. ക്ലാസിന് ഒടുവിൽ മുഴുവൻ കുട്ടികളും അദ്ദേഹം നിർദ്ദേശിച്ച പ്രവർത്തനം ഏറ്റെടുക്കുകയും അദ്ദേഹം നിർദ്ദേശിച്ച രചനകൾ പൂർത്തിയാക്കി അടുത്ത ദിവസം അദ്ദേഹത്തിന് അയച്ചുകൊടുക്കുകയും ചെയ്തു.

ക്ലാസിൽ നിന്നുള്ള കുട്ടികളുടെ ഉല്പന്നങ്ങൾ ശേഖരിച്ച് വിദ്യാലയം **പൊന്നിതൾ തുമ്പിലെ മഞ്ഞു തുള്ളി** എന്ന ഡിജിറ്റൽ പുസ്തകവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ക്ലാസിന് തൊട്ടടുത്ത ദിവസം ഡോ.ടി.പി കലാധരൻ തന്നെ കുട്ടികൾക്ക് വ്യക്തിഗതമായി ഭാഷാ പഠനത്തിലെ ഫീഡ്ബാക്കും നൽകിയിട്ടുണ്ട്. ഓരോ ദിവസവും പല മേഖലകളിലും പ്രാഗത്ഭ്യം തെളിയിച്ച വ്യക്തികളാണ് ഗ്രൂപ്പിൽ എത്തുന്നത്. ഇതിനകം ഉദയൻ കുണ്ടംകുഴി ,വിനയൻ പിലിക്കോട്, അനിൽകുമാർ ഇടയിലക്കാട്, പ്രമോദ് അടുത്തില, സുഭാഷ് അറുകര,വിഎസ് ബിന്ദു,അനുപമടീച്ചർ,എം പി സുബ്രഹ്മണ്യൻ മാസ്റ്റർ,കെടി രാധാകൃ ഷ്ണൻ മാസ്റ്റർ,ടോമി ഇ.വി എന്നിവരൊക്കെ കുട്ടികൾക്ക് മുന്നിൽ എത്തിക്കഴിഞ്ഞു.സംസ്ഥാനത്തെ അമ്പതോളം വിശിഷ്ട വ്യക്തിത്വങ്ങളെ മീറ്റ് ദ ഗ്രേറ്റ് പരിപാടിയിൽ കുട്ടികൾക്ക് മുന്നിൽ എത്തിക്കുക എന്നതാണ് വിദ്യാലയം ലക്ഷ്യമിടുന്നത്.

സ്കൂൾ ഓൺ ലൈൻ ക്ലാസ് പ്രവർത്തനങ്ങൾ താഴെ കാണും വിധമാണ് ക്രമീകരിച്ചിരിക്കുന്നത്.

**ക്ലാസ് തല മൊഡ്യൂളുകൾ ഇപ്രകാരം**

..........................................

**വരും വർഷത്തെ പ്രീ പ്രൈമറി**

**വരും വർഷത്തെ ഒന്നാം തരം**

...................................... ..

1)ചിത്രം വരയും നിറം നൽകലും

2)പാട്ട് കേൾക്കലും, പാടലും

3) സ്കൂൾ ഗ്രൂപ്പിലെ ചിത്രം വര ക്ലാസ്, ലഘു പരീക്ഷണങ്ങൾ എന്നിവ ഏറ്റെടുക്കാൻ കഴിയുമെങ്കിൽ അതും പൂർത്തിയാക്കാം

........................... .

**വരും വർഷത്തെ രണ്ടാം തരവും മൂന്നാം തരവും**

.............................

1) നിത്യേനെ ഒരു കഥ വായിക്കണം പിന്നെ എഴുതണം

2) അക്ഷര ചിത്രം വരക്കൽ

3) സ്കൂൾ ഗ്രൂപ്പിലെ ചിത്രം വര ക്ലാസ്, ലഘു പരീക്ഷണങ്ങൾ എന്നിവ ഏറ്റെടുക്കാൻ

കഴിയുമെങ്കിൽ അതും പൂർത്തിയാക്കാം

.......................................

അടുത്ത വർഷത്തെ 4, 5 ക്ലാസുകാർ

.......................................

1 ) ഇംഗ്ലീഷിൽ കഥ വായന എഴുത്ത്

2) മീറ്റ് ദ ഗ്രേറ്റ്സ്.... നൽകുന്ന പ്രവർത്തനം

3) നിത്യേ നെ ഒരു പരീക്ഷണ പ്രവർത്തനം

4) സ്കൂൾ ഗ്രൂപ്പിലെ ചിത്രം വചിത്രം വര ക്ലാസ്

**മീറ്റ് ദ ഗ്രേറ്റ്സ് പരിപാടിയിൽ ഇതുവരെ സെഷൻ ചെയ്ത വ്യക്തികൾ ഇവരാണ്**



വിനയൻ പിലിക്കോട്

ഉദയൻ കുണ്ടംകുഴി





പ്രമോദ് അടുത്തില

ഡോ.ടിപി കലാധരൻ





അനിൽ ഇയലിലക്കാട്

സുഭാഷ് അറുകര





അനുപമ,കണ്ണൂർ ഡയറ്റ്


ടോമി ഇവി,നിലമ്പൂർ





വിഎസ് ബിന്ദു,തിരുവനന്തപുരം

എം.പി സുബ്രഹ്മണ്യൻ



4) കേ ... ത്തിനൊപ്പം പങ്കാളികളാവുക



അറിവിൻ മധുരവുമായി
മീറ്റ് ദ ഗ്രേറ്റ്സ്



ചെറിയാക്കരയുടെ സ്വന്തം മീറ്റ് ദ ഗ്രേറ്റ്സ് പ്രോഗ്രാം

**4) കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ പൊതു സമൂഹത്തോടൊപ്പം പങ്കാളികളാവുക**

ജി എൽ പി എസ് ചെറിയാക്കര വിദ്യാലയത്തിന്റെ നേതൃത്വത്തിൽ 300 മാസ്ക്കുകൾ തയ്യാറാക്കി പ്രദേശത്തെ വീടുകളിൽ എത്തിക്കാനുള്ള പ്രവർത്തനം ഇപ്പോൾ ആരംഭിച്ചു കഴിഞ്ഞു.വിദ്യാലയം മദർപിടിഎ അംഗങ്ങളാണ് മാസക്ക് തയ്ക്കുന്ന പ്രവർത്തനം ഏറ്റെടുത്തിരിക്കുന്നത്.ഇതു കൂടാതെ സമൂഹ അടക്കളയിലേക്കും ചെറുവത്തൂർ ബി ആർ സി യുടെ നേതൃത്വത്തിൽ നടക്കുന്ന മാസ്ക്ക് നിർമ്മാണ പ്രവർത്തനങ്ങളിലും അധ്യാപകർ പൂർണമായും സഹകരിച്ചു വരുന്നുണ്ട്.

**5) കോവിഡ് കാലവും ഓൺലൈൻ പഠനസാധ്യതയും - ഒരന്വേഷണം**

ജി എൽ പി എസ് ചെറിയാക്കരയുടെ ഓൺലൈൻ പഠനക്ലാസിന്റെ അനുഭവങ്ങൾ ചില പഠനങ്ങളിലേക്കും തിരിച്ചറിവുകളിലേക്കും വെളിച്ചമേകി.ഇതുവരെ നടന്ന ക്ലാസുകൾ,കുട്ടികളുടെ പ്രതികരണങ്ങൾ എന്നിവ വിശകലനം ചെയ്ത് ഞങ്ങൾ എത്തിച്ചേർന്ന ചില പ്രാധമിക നിഗമനങ്ങൾ അവതരിപ്പിക്കാം.

**ചെറിയാക്കരയിലെ പഠനവും അവധിക്കാലത്തെ വിലയിരുത്തലും**

നമ്മൾ ഏറെ ചർച്ച ചെയ്തതാണ് അസൈമെൻറ് ഓഫ് ലേണിങ്, അസൈമെൻറ് ഫോർ ലേണിങ്, അസിമെൻറ് മെ ലേണിങ്... 3 പദങ്ങളും നമുക്ക് ഒക്കെ പരിചിതമാണ്. കഴിഞ്ഞ ദിവസം സ്കൂൾ ഓൺ ലൈൻ ഗ്രൂപ്പിലെ ങലലേ വേല ഏൃലമേ പ്രോഗ്രാമിന്റെ ഭാഗമായി ഡോ.ടി.പി കലാധരൻ സാറിന്റെ ഓൺലൈൻ ക്ലാസ്സ് നടക്കുകയുണ്ടായി.

നേരിട്ട് കാണുന്നില്ലെങ്കിലും കുട്ടികൾ മുന്നിലുണ്ടെന്ന് സങ്കൽപ്പിച്ച് തന്നെയാണ് സാർ ആ ക്ലാസ് കൈകാര്യം ചെയ്തത്. കവിത ആലപിക്കുന്നതിന് ഇടയിൽ തന്നെ കുട്ടികളോട് ചില ചോദ്യങ്ങൾ ചോദിച്ച് ആശയഗ്രഹണത്തിനുള്ള തടസ്സങ്ങൾ എന്താണ് മുൻകൂട്ടി കണ്ടുകൊണ്ട് അത് മറികടക്കാൻ ആവശ്യമായ പിന്തുണ നൽകാൻ സാർ ശ്രദ്ധിച്ചിരുന്നു

ഏറ്റവും ഫലപ്രദം ആയത് ഫീഡ്ബാക്ക് നൽകുന്ന ഭാഗമാണ്. പഠനവും ഫീഡ്ബാക്കും രണ്ടല്ല എന്നും അത് ഒന്നിച്ച് പോകേണ്ട ഒന്നാണെന്നും നമുക്കറിയാം.ഫീഡ്ബാക്ക് നൽകേണ്ടത് പഠന പ്രവർത്തനത്തോടൊപ്പം ആണ് എന്നത് ഇത് ഏറ്റവും പ്രധാനമാണ്. അസമെൻറ് ഫോർ ലേണിങ് എന്ന ആശയം തന്നെയാണ് ഏറ്റവും പ്രധാനം. പക്ഷേ ഈ കൊറോണ ഷട്ട്ഡൗൺ പിരീഡിൽ കുട്ടികളുടെ രചനകളുടെ മുകളിൽ നൽകുന്ന ഫീഡ്ബാക്ക് സമഗ്രമാക്കുക എന്നതാണ് പഠനം ഫലപ്രദമാക്കാനുള്ള ഒരേയൊരു വഴി എന്ന് തിരിച്ചറിയുന്നു.

ഇവിടെ കുട്ടികൾ തയ്യാറാക്കിയ ഉല്പന്നങ്ങൾ വിശകലനം ചെയ്തു കലാധരൻ സാർ വ്യക്തിഗതമായി ഓരോ കുട്ടിക്കും ഫീഡ്ബാക്ക് നൽകുന്നത് നമ്മൾ കണ്ടു.
കുട്ടിയുടെ പക്ഷത്തുനിന്ന് നിലവിലെ അവസ്ഥയിൽ നിന്ന് മുന്നോട്ടു പോകാൻ പാകത്തിൽ തന്നെയാണ് ഓരോ വാചകങ്ങളും. കുട്ടിക്ക് ഒരു കൂട്ടുകാരൻ പറഞ്ഞു കൊടുക്കുന്നത് പോലെ വളരെ ഹൃദ്യമായി മോനെ എന്ന് വിളിച്ച് അവനെ അഭിസംബോധന ചെയ്തു ഫീഡ്ബാക്ക് നൽകുമ്പോൾ സ്നേഹപൂർവ്വം അത് ഉൾക്കൊള്ളാനും കുട്ടിക്ക് കഴിയുന്നു എന്നത് തെളിയിക്കപ്പെട്ടു.

ഒരു അവധിക്കാല ഓൺലൈൻ ക്ലാസ്സ് മുറി മനസ്സിൽ കാണുമ്പോൾ ഇത്രയും സാധ്യതകളൊന്നും ചെറിയാക്കരയിൽ ആലോചിച്ചിരുന്നില്ല .പക്ഷേ ഇന്ന് ഒമ്പതാമത്തെ ക്ലാസിലേക്ക് പ്രവേശിക്കുമ്പോൾ കേരളത്തിലെ വ്യത്യസ്ത ഭാഗങ്ങളിൽ നിന്ന് ഇന്ന് മിടുക്കരായ വ്യ ക്തിത്വങ്ങൾ കുട്ടികളോട് സംവദിക്കാൻ എത്തുന്നു.
ഓൺലൈൻ ഫീഡ്ബാക്കുകൾ എങ്ങനെയാണ് നമുക്ക് ഗുണകരമായി വന്നത് എന്ന് പറയാം. TPK യുടെ ഓൺലൈൻ ഫീഡ്ബാക്കിന് ശേഷം നടന്ന മൂന്ന് ക്ലാസ്സുകളിലും കുട്ടികളുടെ പങ്കാളിത്തം 100% തന്നെയായിരുന്നു .തങ്ങളുടെ രചനകൾ, പരീക്ഷണങ്ങൾ, മറ്റു പ്രവർത്തനങ്ങൾ എന്നിവ പൂർത്തിയാക്കാനും കുട്ടികൾ ആവേശപൂർവ്വം മത്സരിക്കുന്നു എന്നതാണ് വസ്തുത.

അതുകൊണ്ടുതന്നെ ഉൽപന്ന വിലയിരുത്തൽ, അതിന്റെ ഫീഡ്ബാക്ക് എന്നിവ പലപ്രദം ആയിരുന്നു എന്ന് ഉറപ്പിച്ചു പറയാൻ കഴിയും . സാറിന്റെ പാത പിന്തുടർന്ന് ഇന്ന് ഓരോ ദിവസവും വൈകുന്നേരം ആറ് മണി ആകുമ്പോഴേക്കും ഞങ്ങൾ അധ്യാപകർ കുട്ടികളുടെ ഉല്പന്നങ്ങൾ – അത് രചനകൾ ആയാലും പ്രകടനങ്ങൾ ആയാലും വിലയിരുത്തി കുട്ടികൾക്ക് ഓഡിയോ ഫീഡ്ബാക്ക് നൽകുകയാണ് .ഇത് വളരെ ഗുണകരമായിട്ടുണ്ട് എന്ന് രക്ഷിതാക്കൾ തുറന്നു സമ്മതിക്കുന്നു.നാളത്തെഓൺലൈൻ ക്ലാസ് അനുഭവങ്ങൾക്ക് വേണ്ടി കുട്ടികൾ എന്നും ചെറിയാക്കരയിൽ കാത്തിരിക്കുകയാണ് .
ഇത് ഒരു തിരിച്ചറിവാണ് നമുക്ക് ഉറച്ച തീരുമാനം ഉണ്ടെങ്കിൽ നമ്മുടെ കുട്ടികളെ എങ്ങനെയും പിന്തുടരാൻ കഴിയും. അവരെ അവരുടെ കഴിവിനെ പരമാവധി ഉയർത്തുവാൻ കഴിയും.

**ഓൺലൈൻ ക്ലാസിനു ശേഷം കുട്ടികൾക്ക് ഫീഡ്ബാക്ക് നൽകുന്നതിനുള്ള ചില സാധ്യതകൾ അവതരിപ്പിക്കാം.**

നമ്മൾ പ്രധാനമായും നാല് സെഷനുകൾ ആണ് ഒരു ദിവസം ഓൺലൈനായി നൽകുന്നത്.അതിലൊന്ന് പരീക്ഷണ പ്രവർത്തനമാണ്. ഒന്നാം ക്ലാസ്സ് മുതൽ നാലാം ക്ലാസ്സ്

വരെ കുട്ടികൾക്ക് ചെയ്യാവുന്ന ലഘു പരീക്ഷണങ്ങളാണ് നൽകുന്നത് എന്നതിനാൽ പ്രീ പ്രൈമറി കുട്ടികൾ അടക്കം പരീക്ഷണങ്ങൾ ഏറ്റെടുത്തിട്ടുണ്ട്..

കുട്ടികൾ പരീക്ഷണം ചെയ്യുന്ന വീഡിയോ രക്ഷിതാക്കൾ ചിത്രീകരിക്കും.

**പരീക്ഷണ പ്രവർത്തനത്തിന്റെ ഘട്ടങ്ങൾ ഉറപ്പിക്കാൻ ആദ്യ ദിവസങ്ങളിൽ നൽകിയ ഫീഡ്ബാക്ക്**

പരീക്ഷണ സാമഗ്രികളായി മേശപ്പുറത്ത് വെച്ച എല്ലാ വസ്തുക്കളും പറഞ്ഞില്ലല്ലോ

- പാത്രത്തിൽ എത്ര അളവിൽ സാധനം എടുക്കണം എന്ന് മനസ്സിലായില്ലല്ലോ
- പരീക്ഷണം ചെയ്യുമ്പോൾ ചെയ്യുന്ന കാര്യങ്ങൾ കൂടി വീഡിയോയിൽ പറഞ്ഞാൽ നന്നായേനെ
- എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത് എന്നത് വിശദീകരിക്കാൻ വിട്ടു പോയോ എന്നിങ്ങനെ ആയിരുന്നു
- പത്ത് ദിവസം പിന്നിടുമ്പോൾ ഒന്നാം ക്ലാസിലെ കുട്ടികൾ അടക്കം മേൽ സൂചനകൾ പരിഗണിച്ച് പരീക്ഷണം ചെയ്യാൻ ആരംഭിച്ചു എന്നത് ഫീഡ്ബാക്കിന്റെ ഫലം തന്നെയാണ്

**രണ്ടാമത്തെ ഓൺലൈൻ സെഷൻ ചിത്രംവരയാണ്.**

പ്രീ പ്രൈമറി കുട്ടികൾ മുതൽ മുതൽ നാലാം ക്ലാസിലെ കുട്ടികൾ വരെ ചിത്രം വര ക്ലാസിൽ പങ്കെടുക്കുന്നുണ്ട്.ചിത്രം വരയിൽ ശ്രദ്ധിക്കാൻ പറഞ്ഞിട്ടുള്ളത്

1) കുട്ടികൾ വരക്കുന്ന ചിത്രം തീയതി രേഖപ്പെടുത്തി അവരുടെ പേരെഴുതി ഫയലിൽ സൂക്ഷിക്കണം
2) ചിത്രത്തിന് നിറം നൽകണം
   (ഇതിനുള്ള ഫീഡ്ബാക്ക് അതത് ദിവസം വൈകുന്നേരം കുട്ടികൾക്ക് നൽകും)
3) കുട്ടികൾ വരച്ച എല്ലാ ചിത്രങ്ങളും ഒരു വീഡിയോ പ്ലാറ്റ്ഫോമിൽ ചേർത്തുവച്ച് വൈകുന്നേരം കുട്ടികൾക്ക് മുന്നിൽ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്
   (കൂട്ടുകാരന്റെ ചിത്രം കാണാനും ഭംഗിയുള്ള ചിത്രം കണ്ടെത്താനും ഇതുവഴി കുട്ടികൾക്ക് സാധിക്കുന്നുണ്ട് )

മുഴുവൻ കുട്ടികളുടെയും ചിത്രരചനാ ക്ലാസിലൂടെ മെച്ചപ്പെട്ടതിനുള്ള കാരണം സ്വയം, പരസ്പര സാധ്യത നൽകുന്നതും അനിവാര്യ ഘട്ടത്തിൽ നൽകുന്ന ഫീഡ്ബാക്കും വഴിയാണ്

**ചിത്രംവരക്ക് ഞങ്ങൾ നൽകുന്ന ഫീഡ്ബാക്കിന്റെ സാമാന്യ രീതി ഇങ്ങനെയാണ്**

1 ) ചിത്രത്തിന് ഉചിതമായ നിറം തന്നെയാണോ നൽകിയതെന്ന് കുട്ടിക്ക് അന്വേഷിക്കാൻ പാകത്തിൽ അതിനുള്ള ചോദ്യങ്ങൾ ചോദിക്കും
   ഉദാഹരണമായി എപ്പോഴെങ്കിലും ആകാശ് പച്ചനിറത്തിലുള്ള പൂവ് കണ്ടിട്ടുണ്ടോ? നിന്റെ ചിത്രത്തിൽ ഞാനൊന്ന് കാണുന്നുണ്ടല്ലോ
2) അമേയക്ക് നൽകിയ ഫീഡ്ബാക്ക് ഇങ്ങനെയാണ് – അമേയയുടെ ചിത്രം ഒരു വലിയ കടലാസിൽ ഒരു വശത്ത് ഒതുങ്ങിപ്പോയി. അത് മധ്യത്തിൽ ആയിരുന്നെങ്കിൽ ചിത്രത്തിന് ഭംഗി കൂടുമായിരുന്നു എന്നതാണ്
3) അദീനയുടെ ചിത്രത്തിന്റെ വലുപ്പ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തിയത് കോഴിയും ആടും ആയാൽ ഏതാണ് വലുത് എന്ന ചോദ്യത്തിലൂടെയാണ്
   ഇങ്ങനെ കുട്ടികളുടെ വരയെ പ്രോത്സാഹിപ്പിച്ചു

നമുക്ക് ഉറപ്പായും പറയാൻ സാധിക്കും പത്ത് ദിവസത്തെ ചിത്രരചന പരിശീലനം

കഴിയുമ്പോൾ ആദ്യദിവസം വരച്ചതിൽ നിന്നും വ്യത്യസ്തമായി മനോഹരമായി നിറം നൽകാൻ, ഉചിതമായ നിറം തെരഞ്ഞെടുക്കുന്നതിൽ ,വലിപ്പം പരിഗണിച്ചു വരക്കുന്നതിൽ, ആവശ്യമായ ബോർഡറുകൾ വരക്കുന്നതിൽ എല്ലാം ഇപ്പോൾ ശ്രദ്ധിച്ചു വരുന്നുണ്ട്

ഭാഷാ ക്ലാസിലെ ഫീഡ്ബാക്കുകൾ സന്ദർഭം പരിഗണിച്ച് നൽകാനല്ലേ സാധിക്കൂ, **അനുപമ ടീച്ചറുടെ ഓൺലൈൻ ക്ലാസിന് ശേഷം രചന വിലയിരുത്തി ടീച്ചർ നൽകിയ ഫീഡ്ബാക്ക് ഇങ്ങനെയായിരുന്നു**

ശിഖ മോൾ മോൾ നന്നായി എഴുതി. എഴുതിയത് വായിക്കാൻ നല്ല രസമുണ്ട്.എന്നാൽ പപ്പടവട്ടം എഴുതിയതിൽ വലിയ പ മുകളിലും ചെറിയ പ താഴെയും അല്ലെ മോളെ വേണ്ടത്?

ശിഖയുടെ തുടർന്നുള്ള രചനകൾ ശ്രദ്ധിച്ചു. ഇലപ്പാൾ അവൾ എഴുതിയ കഥയിൽ പ്പ എന്ന കൂട്ടക്ഷരം ശരിയാംവിധം എഴുതിയിട്ടുണ്ട്.കുട്ടികളുടെയുടെ ചിത്രംവരയെയും വായനയേയും എഴുത്തിനേയും ഇങ്ങനെ സൂക്ഷ്മമായി വിശകലനം ചെയ്യുകവഴി കൃത്യമായ ഫീഡ്ബാക്ക് നൽകാൻ നമുക്ക് കഴിയുന്നുണ്ട്.അത് അവരുടെ രചനകളെ മെച്ചപ്പെടുത്താൻ സഹായിക്കുന്നുമുണ്ട്.

പേരെടുത്തു പറഞ്ഞാൽ ഒന്നാം ക്ലാസിലെ ശ്രീനിത രതീഷ് , അമേയ ,ശിഖ രണ്ടാം ക്ലാസിലെ ലെ റിഹാന ജൂബി, അദ്വൈത് മൂന്നാം ക്ലാസിലെ അമൽദേവ് ,അൻവിത ശ്രീജിത്ത്,പൃഥ്വിലാൽ നാലാം ക്ലാസിലെ ആദിത്യ സിവി എന്നീ കുട്ടികളുടെ രചനകൾ അടുത്ത ദിവസങ്ങളിൽ വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്.

ടീച്ചർ ഫീഡ്ബാക്ക് ലക്ഷ്യം കണ്ടതാണ് ഇതിനാധാരം എന്ന് ബോധ്യപ്പെടുകയും ചെയ്യുന്നത്

**കൊറോണക്കാലത്ത് പ്രത്യേകം ശ്രദ്ധിക്കുക..**

കുട്ടികളുടെ രചനകൾ സൂക്ഷ്മമായി നോക്കിയാൽ അവന്റെ ഇഷ്ടം, ചിന്ത, പരിസരത്തെ ഉൾക്കൊണ്ട രീതി, ഭാഷാശേഷി, മനോഭാവം.... എല്ലാം തന്നെ വായിച്ചെടുക്കുവാൻ കഴിയും... ഇപ്പോഴത് വേണം.. കാരണം നേരിട്ട് മക്കളെ കാണാനും തത്സമയം ഇടപെടാനും നമുക്ക് കഴിയില്ലല്ലോ.. അപ്പോൾ പ്രകടനങ്ങൾ നിരീക്ഷിച്ചും രചനകൾ വിശകലനം ചെയ്തും ഗുണാത്മക ഫീഡ്ബാക്ക് നൽകി മുന്നോട്ടു പോവുക എന്നതു മാത്രമാണ് ഏക വഴി.